# കേരള സർക്കാർ

<u>സംഗ്രഹം</u>

**തദ്ദേശ സ്വയംഭരണ വകുപ്പ് - വടകര നഗരസഭ - വ്യവസായ എസ്റ്റേറ്റ്-സ്ഥലം കയ്യൊഴിയുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

**സ.ഉ. (സാധാ)നം.1208/2012/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 27-4-2012**

---

**പരാമർശം :-**
1. വടകര നഗരസഭയുടെ 11-8-2011-ലെ 28-ാം നമ്പർ തീരുമാനം.
2. വടകര നഗരസഭാ സെക്രട്ടറിയുടെ 13-9-2011-ലെ ആർ 7-7000/08 നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

ഐ.ഡി.എസ്.എം.റ്റി പദ്ധതിയിൽ ഉൾപ്പെടുത്തി വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനായി വിവിധ സർവ്വേ നമ്പരുകളിലുള്ള 1.8481 ഹെക്ടർ സ്ഥലം വടകര മുനിസിപ്പാലിറ്റി അക്വയർ ചെയ്യുകയും സെന്റിന് 50,000 /- വില നിശ്ചയിച്ച് പ്ളോട്ടുകളായി തിരിച്ച് വ്യവസായ സംരംഭകർക്ക് വ്യവസായം ആരംഭിക്കാൻ അനുവദിക്കുകയും ചെയ്തിരുന്നു. വ്യവസായ പ്ളോട്ട് അനുവദിച്ചുകിട്ടുന്നയാൾ ഭൂമിയുടെ മൊത്തം വിലയുടെ 25% ആദ്യം ഒടുക്കേണ്ടതും, ബാക്കി സ്ഥലവിലയും 8% പലിശയും 20 അർദ്ധ വർഷ ഗഡുക്കളായി തിരിച്ചടയ്ക്കുന്നവർക്ക് പ്ളോട്ടിന്റെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്തു നൽകാമെന്നായിരുന്നു നഗരസഭ വ്യവസായ സംരംഭകരുമായി ഉണ്ടാക്കിയിരുന്ന കരാർ. സ്ഥലവിലയും പലിശയും പൂർണ്ണമായി അടച്ചു തീർത്ത ശ്രീ. ശൈലേഷ്.വി.കെ യുടെ പേരിൽ അദ്ദേഹത്തിന് അനുവദിച്ച വടകര നഗരസഭ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ റീ സർവ്വേ 230/19-ൽപ്പെട്ട പ്ളോട്ട് നം. 16-ലെ 7.74 സെന്റ് സ്ഥലം രജിസ്റ്റർ ചെയ്തു നൽകുന്നതിനു പരാമർശം (1) പ്രകാരം വടകര നഗരസഭ കൗൺസിൽ തീരുമാനിക്കുകയും പരാമർശം (2) പ്രകാരം സർക്കാരിൽ അപേക്ഷിക്കുകയും ചെയ്തിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, വടകര നഗരസഭയിലെ വ്യവസായ എസ്റ്റേറ്റിലെ റീ സർവ്വേ 230/19-ൽപ്പെട്ട പ്ളോട്ട് നം. 16-ലെ 7.74 സെന്റ് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം 2000-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരവും കേരള മുനിസിപ്പാലിറ്റി ആക്ടിലെ 215 (1)-ാം വകുപ്പ് പ്രകാരവും സ്ഥലം വ്യവസായിക ആവശ്യത്തിനു മാത്രമേ ഉപയോഗപ്പെടുത്താവൂ എന്ന നിബന്ധനയ്ക്ക്

വിധേയമായി ടി സ്ഥലത്തിന്റെ പൂർണ്ണമായ ഉടമസ്ഥാവകാശം ശ്രീ. ശൈലേഷ്.വി.കെ എന്നയാൾക്ക് അനുവദിയ്ക്കുന്നതിന് വടകര നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ. ആർ. സുരേശൻ,
ഡെപ്യൂട്ടി സെക്രട്ടറി.

To

നഗരകാര്യ ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ, തദ്ദേശസ്വയംഭരണ ആഡിറ്റ് & അക്കൗണ്ട്സ്, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, കോഴിക്കോട്
സെക്രട്ടറി, വടകര നഗരസഭ, കോഴിക്കോട്
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.